# പ്രൗഢഗംഭീരമായ മന്നംജയന്തി ആഘോഷം

കഴിഞ്ഞ വർഷങ്ങളിലേക്കാൾ പ്രൗഢഗംഭീരവും ജനനിബിഡവും സാംസ്കാരികത്തനിമ തെളിയിച്ചതുമായ സമ്മേളനങ്ങളാണ് 149-ാമത് മന്നംജയന്തി ആഘോഷത്തോടനുബന്ധിച്ച് ഇക്കഴിഞ്ഞ ജനുവരി ഒന്നും രണ്ടും തീയതികളിൽ എൻ.എസ്.എസ്. ആസ്ഥാനത്ത് നടന്നത്. നായർ സർവീസ് സൊസൈറ്റി എന്ന മഹത്തായ പ്രസ്ഥാനത്തിന്റെ കെട്ടുറപ്പും നായർസമുദായാംഗങ്ങൾ തമ്മിലുള്ള ഐക്യവും ഇതരസമുദായങ്ങളുമായുള്ള സൗഹൃദവും വിളിച്ചോതുന്നതായിരുന്നു ഈ മഹാസമ്മേളനങ്ങൾ.

ഒന്നാംദിവസം നടന്ന അഖിലകേരളനായർപ്രതിനിധിസമ്മേളനത്തിൽ പങ്കെടുക്കാൻ സംസ്ഥാനമൊട്ടുക്കുള്ള എൻ.എസ്.എസ്.കരയോഗങ്ങളിൽനിന്നു വന്നെത്തിയ പ്രതിനിധികൾ ആദ്യം ഒഴുകിനീങ്ങിയത് സമുദായാചാര്യൻ അന്ത്യവിശ്രമംകൊള്ളുന്ന പുണ്യസങ്കേതമായ മന്നംസമാധിയിലേക്കാണ്. ക്ഷേത്രസമാനമായി സംരക്ഷിച്ചുവരുന്ന മന്നംസമാധിമണ്ഡപത്തിൽ ദർശനത്തിനും പുഷ്പാർച്ചനയ്ക്കും രാവിലെ 7 മണി മുതൽ ഏവർക്കും സൗകര്യം ഒരുക്കിയിരുന്നു. അവിടെ എത്തിയ മുഴുവൻപേരും പുഷ്പാർച്ചന നടത്തി ആ മഹാത്മാവിന് പ്രണാമം അർപ്പിച്ചശേഷമാണ് സമ്മേളനത്തിൽ പങ്കെടുത്തത്.

എൻ.എസ്.എസ്. പ്രസിഡന്റ് ഡോ. എം. ശശികുമാറിന്റെ അദ്ധ്യക്ഷതയിൽകൂടിയ അഖിലകേരള നായർ പ്രതിനിധിസമ്മേളനത്തിൽ ജനറൽ സെക്രട്ടറി ജി. സുകുമാരൻനായർ സ്വാഗതം ആശംസിക്കുകയും നായർ സർവീസ് സൊസൈറ്റിയെയും അതിന്റെ പ്രവർത്തനങ്ങളെയും സംബന്ധിച്ച് വിശദീകരണം നടത്തുകയും ചെയ്തു. എൻ.എസ്.എസ്. സെക്രട്ടറി ഹരികുമാർ കോയിക്കൽ കൃതജ്ഞത പറഞ്ഞു.

യോഗാനന്തരം ഉച്ചയ്ക്ക് 3 മണി മുതൽ ഇളൈ പെറോളി കുന്നക്കുടി ബാലമുരളീകൃഷ്ണയുടെ സംഗീതസദസ്സ്, വൈകുന്നേരം 6.30 മുതൽ സിനി ആർട്ടിസ്റ്റ് ആശാശരത്തിന്റെയും സംഘത്തിന്റെയും നൃത്തസന്ധ്യ, തിരുവല്ല ശ്രീവല്ലഭവിലാസം കഥകളിയോഗം അവതരിപ്പിച്ച 'നളചരിതം നാലാംദിവസം', 'നിഴൽകുത്ത്' എന്നീ മേജർസെറ്റ് കഥകളി എന്നിങ്ങനെയുള്ള മികച്ച കലാപരിപാടികൾ അടുത്തദിവസം പുലർച്ചവരെ ആ സ്റ്റേജിൽ അരങ്ങേറി.

രണ്ടാംദിവസം രാവിലെ 7 മുതൽ വെട്ടിക്കവല കെ.എൻ. ശശികുമാറിന്റെ നാഗസ്വരക്കച്ചേരിയോടുകൂടിയാണ് ജന്മദിനാഘോഷം ആരംഭിച്ചത്. പതിവുപോലെ മന്നംസമാധിമണ്ഡപത്തിൽ രാവിലെ 7 മുതൽ ഇടവിടാതെ പുഷ്പാർച്ചന നടന്നുകൊണ്ടേയിരുന്നു. 8.30 മുതൽ നന്ദഗോവിന്ദം ഭജൻസ് 'സാന്ദ്രാനന്ദലയം' അവതരിപ്പിച്ചു. 11 മണിക്ക് എൻ.എസ്.എസ്. പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ 149-ാമത് മന്നംജയന്തിസമ്മേളനം ആരംഭിച്ചു. ജനറൽ സെക്രട്ടറി സ്വാഗതം ആശംസിച്ചു. ദേശീയ ന്യൂനപക്ഷവിദ്യാഭ്യാസകമ്മീഷൻ അംഗവും എം.ജി. യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലറുമായ ഡോ. സിറിയക് തോമസ് പ്രസ്തുത സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രശസ്ത കവിയും ഗാനരചയിതാവും ആയ രാജീവ് ആലുങ്കൽ അനുസ്മരണപ്രഭാഷണം നടത്തി.ട്രഷറർ അഡ്വ. എൻ.വി. അയ്യപ്പൻപിള്ളയുടെ കൃതജ്ഞതാപ്രകാശനത്തോടെയാണ് യോഗം സമാപിച്ചത്.

രണ്ടുദിവസം നീണ്ടുനിന്ന ആഘോഷപരിപാടികളിൽ പങ്കെടുക്കാൻ എൻ.എസ്.എസ്. നായകസഭാംഗങ്ങൾ, താലൂക്ക് യൂണിയൻ പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, പ്രതിനിധിസഭാംഗങ്ങൾ, താലൂക്ക് യൂണിയൻ കമ്മറ്റിയംഗങ്ങൾ, കരയോഗ-വനിതാസമാജ-ബാലസമാജ പ്രതിനിധികൾ, രാഷ്ട്രീയ-സാമൂഹികമണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന ജനപ്രതിനിധികളടക്കമുള്ള വിശിഷ്ട വ്യക്തികൾ എന്നിവരുൾപ്പെടെ പതിനായിരക്കണക്കിന് സമുദായസ്നേഹികളാണ് എത്തിയത്. അവരേവരും തികഞ്ഞ അച്ചടക്കത്തോടെ സ്വയംനിയന്ത്രിച്ചും, ഉള്ള സൗകര്യങ്ങളിൽ തൃപ്തരായും ഈ ആഘോഷം വിജയിപ്പിക്കാൻ ആത്മാർത്ഥമായി സഹകരിച്ചു. ഇക്കാര്യത്തിൽ മാധ്യമങ്ങളുടെ സഹകരണവും സ്മരണീയമാണ്.

നായർ സർവീസ് സൊസൈറ്റിയെ സംബന്ധിച്ചിടത്തോളം, സമുദായാചാര്യന്റെ ജയന്തി പൂർവാധികം ഭംഗിയായി ഈ വർഷവും കൊണ്ടാടുവാൻ കഴിഞ്ഞു എന്നത് അഭിമാനാർഹംതന്നെയാണ്.